# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185 — 13.02.2013 ൽ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾക്ക് മോറട്ടോറിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി നൽകുന്ന കാർഷിക വായ്പകൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്. |
| (ബി) വരൾച്ച നേരിടുന്ന കർഷകർക്ക് പ്രസ്തുത നടപടി എത്രമാത്രം ആശ്വാസകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (ബി) വരൾച്ച നേരിടുന്ന കർഷകർക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് മൂലം വായ്പാ തിരിച്ചടവിന് സാവകാശവും ബാദ്ധ്യതയിൽ ആശ്വാസവും ലഭിയ്ക്കുന്നതാണ്. |
| (സി) കാർഷിക വായ്പകളുടെ പലിശ ഒഴിവാക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്‌വെൻഷന് പുറമേ സംസ്ഥാന സർക്കാരിന്റെ പലിശ ഇളവും (പരമാവധി 5%) നൽകുന്നത് വഴി കാർഷിക വായ്പകൾ പലിശ രഹിതമായി നൽകുന്നതിന് കഴിയുന്നതാണ്. ഇതിനു പുറമേ നെൽകൃഷിക്കുള്ള വായ്പകൾ, പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പയായിട്ടാണ് നിലവിൽ നൽകി വരുന്നത്. |

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) നെൽകൃഷിക്ക് വായ്പ പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പ നൽകി വരുന്നുണ്ട്. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന 3% പലിശ സബ്‌വെൻഷനോടൊപ്പം ബാക്കി തുക സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനായി സംസ്ഥാന സർക്കാർ 32 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയിൽ 3 കോടി രൂപ ഇതിനകം ലഭിക്കുകയും, ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ഇതിനുപുറമേ 25,000/- രൂപ വരെ കാർഷിക വായ്പ എടുക്കുന്നവർ യഥാസമയം തിരിച്ചടയ്ക്കുന്നപക്ഷം മുതൽ തുകയുടെ 5% കാർഷിക ഉൽപാദന ആശ്വാസമായി (Agricultural Production Cost Relief) നൽകുന്ന പദ്ധതിയും നിലവിൽ ഉണ്ട്.

സെക്ഷൻ ഓഫീസർ